04
2025
ഒക്ടോബർ
ശനി
കന്നി 18

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 252 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-252 പേജ് 4. വില 2.00 രൂപ




02 'മലയാളം വാനോളം, ലാൽസലാം' : മോഹൻലാലിന് ആദരം നാളെ

03 കരൂർ ദുരന്തം: അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ച് മദ്രാസ് ഹൈക്കോടതി

04 ചാക്ക പീഡനക്കേസ്; പ്രതിക്ക് 67 വർഷം തടവുശിക്ഷ

## എൽസാ 3 രക്ഷാദൗത്യം

# മുങ്ങിയ കപ്പലിൽ നിന്നും വീണ്ടെടുത്ത 367 മെട്രിക് ടൺ ബങ്കർ ഓയിൽ എവിടെ?

**യേശുദാസ് വില്യം**



കൊല്ലം : കടലിൽ മുങ്ങിത്താഴ്ന്നിരിക്കുന്ന എംഎസ്സി എൽസാ 3 എന്ന കണ്ടെയ്നർ കപ്പലിൽ നിന്നും അതിൽ അകപ്പെട്ടിരുന്ന 367.1 മെട്രിക് ടൺ ബങ്കർ ഓയിലും (VLSFO), 84.4 മെട്രിക് ടൺ മറൈൻ ഗ്യാസ് ഓയിലും (MGO) നീക്കം ചെയ്തതായുള്ള ആശ്വാസകരമായ വാർത്ത കേരളത്തിലെ പ്രമുഖ അച്ചടി വാർത്താ മാധ്യാമങ്ങളിൽ തെല്ലു പ്രാധാന്യത്തോടെയും,അല്ലാതെയും കഴിഞ്ഞ ദിവസം വന്നിരിക്കുന്നു.അങ്ങിനെ ഒതുക്കത്തിൽ വന്നു പോകേണ്ടുന്നൊരു വാർത്തയാണോ ഇത്.കേരള തീരക്കടലിൽ അതീവ പാരിസ്ഥിതിക പ്രശ്നങ്ങളും,മൽസ്യജാലങ്ങൾക്കും,മൽസ്യബന്ധനത്തിനും എക്കാലത്തേക്കും ഭീഷണിയായി അടിത്തട്ടിൽ അമർന്നിരുന്ന എൽസാ ത്രീ കപ്പലും അതിനുള്ളിലെ കെമിക്കലുകളുമടങ്ങിയ കണ്ടെയ്നറുകളും സൃഷ്ടിക്കുന്ന അപകടത്തെ അനായാസം മറ്റിയെടുത്ത 'അത്ഭുതകരമായ' രക്ഷാപ്രവർത്തനം ഇങ്ങെനെയാണോ മാധ്യമങ്ങൾ കൊണ്ടാടപ്പെടേണ്ടിയിരുന്നത്. എങ്കിൽ വീണ്ടെടുത്ത ഓയിൽ കരയിലേക്കു കൊണ്ടുവന്നതെങ്ങിനെ..? ഓയിൽ ടാങ്കറിലാണോ..? എങ്കിൽ എവിടെ.? എന്തെങ്കിലും തെളിവുകൾ ഉണ്ടോ..?

എൽസാ 3 യിൽ നിന്നും കരക്കടിഞ്ഞ കണ്ടെയ്നറുകളുടെ അവശിഷ്ടം കൊല്ലം തുറമുഖത്തുണ്ട്.കടലിന്റെ അടിത്തട്ടിലുള്ള കപ്പലിൽ നിന്നും ശേഖരിച്ച ഓയിൽ എങ്ങിനെ കരയിലെത്തിച്ചു..?അതെങ്ങോട്ടു കൊണ്ടു പോയി..?ലോകത്തെ മുഴുവൻ മാധ്യമങ്ങളും റിപ്പോർട്ടു ചെയ്തതും ഇപ്പോഴും അതീവശ്രദ്ധയോടെ നിരീക്ഷിക്കുന്നതുമായ ഈ വിഷയം മാലോകരറിയാതെയാണോ കൈകാര്യം ചെയ്യേണ്ടത്.കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ നിന്നും ആയിരക്കണക്കിനു വള്ളങ്ങളും,യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകളും ഫിഷിംഗ് നടത്തുന്ന കടൽ പരിസരത്തു നടന്ന 'അത്യന്തം വിജയകര'മായ രക്ഷാപ്രവർത്തനം ഇവരാരുടെയും ശ്രദ്ധയിൽ പെട്ടിട്ടില്ല.എന്തിനേറെ കോസ്റ്റുഗാർഡും,കോസ്റ്റൽ പോലീസിനും പോലും ഈ ദൗത്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലന്നു വേണം കരുതാൻ.ഇത്തരമൊരു നേട്ടം മാധ്യമവാർത്തയാക്കുമ്പോൾ തുറമുഖവകുപ്പിന്റെയോ,കപ്പൽ കമ്പനിയുടെയോ,വിഴിഞ്ഞം തുറമുഖത്തന്റെയോ പ്രതിനിധികളാരും മാധ്യമങ്ങൾക്കു വിശദീകരണവുമായി വന്നില്ല.

കൊല്ലത്തു മാത്രം അച്ചടി മാധ്യമങ്ങളിൽ വന്ന വാർത്ത കേരളത്തിലെ ഒരു ചാനലു പോലും ക്യാരി ചെയ്തില്ല.ഉൾക്കടലിലെ 'ശ്രമകരമായ ദൗത്യ'ത്തിന്റെ വീഡിയോ ഫുട്ടേജ് ഉണ്ടാവുമല്ലോ അതെവിടെയാണ്..?അതു ചാനലുകൾക്കു നൽകിയാൽ എല്ലാവരും സന്തോഷപൂർവ്വം കാണിക്കുമായിരുന്നു.അതെവിടെ..?എംഎസ്സി കപ്പൽ കമ്പനി നിയോഗിച്ച സാൽവേജ് കമ്പനി വർത്ത വന്നതിന്റെ തൊട്ടടുത്ത ദിവസം ദൗത്യം പൂർത്തിയാക്കി മടങ്ങുമെന്നാണു വിവരം.ഡിഎസ്വി സതേൺ നോവ,ഓഫ്ഷോർ മൊണാർക്ക് എന്നീ കപ്പലുകളാണ് ദൗത്യത്തിൽ പങ്കെടുത്തത്.നൂറ്റിയാറു തൊഴിലാളികളും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി. പോരാത്തതിന് ഇവർക്ക് ആഹാരവും വെള്ളവും നൽകുവാൻ സർക്കാരിന്റെ ടഗ്ഗുകളും അകമ്പടിയായുണ്ടായിരുന്നു.

ഇതൊക്കെ ആരെ രക്ഷിക്കുവാൻ വേണ്ടിയാണ് ഇത്തരം വാർത്തകൾ ചമക്കുന്നത്.കഴിഞ്ഞ ദിവസവും കടലിൽ മുങ്ങിത്തഴ്ന്ന കപ്പലിലെ കണ്ടെയ്നർ വലയിൽ കുടുങ്ങിയതുമായി ട്രോളിംഗ് ബോട്ടുകൾ കരയിലെത്തിച്ച് നാശനഷ്ടം കോസ്റ്റൽ പോലീസിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു. ആലപ്പുഴയ്ക്കു 13.5 നോട്ടിക്കൽ മൈൽ വടക്കു പടിഞ്ഞാറു താഴ്ന്ന എൽസാ 3 അറുപതു മീറ്ററോളം ആഴത്തിലാണ് പുതഞ്ഞിരിക്കുന്നത്. എന്നാൽ കഴിഞ്ഞദിവസത്തെ പത്രം റിപ്പോർട്ടു ചെയ്തിരിക്കുന്നതു മുപ്പത്തഞ്ചു മീറ്റർ ആഴത്തിലുള്ള കപ്പലിൽ നിന്നുമാണ് ഇന്ധനം നീക്കം ചെയ്തുവെന്നു പറയുന്നത്.അതും ഭാഗീകമായി എന്നാണ് പറയുന്നത്.അതിനു പുറമെ കെമിക്കലുകൾ അടങ്ങിയ കണ്ടെയ്നറുകൾ അടുത്ത ഘട്ടത്തിൽ നീക്കം ചെയ്യുമെന്നും തുടർന്നു കപ്പൽ തന്നെ നീക്കം ചെയ്യുമെന്നും പത്രം പറയുന്നു.എന്നാൽ മറ്റൊരു പത്രത്തിൽ ഓയിൽ പൂർണ്ണമായി നീക്കം ചെയ്തുവെന്നും ദൗത്യം പൂർത്തിയാക്കി കപ്പലുകൾ മടങ്ങുവെന്നും പറയുന്നു.ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്.കപ്പൽ കമ്പനി രക്ഷാദൗത്യം പൂർത്തിയാക്കി മടങ്ങുകയാണ്.അതിനുള്ള അരങ്ങൊരുക്കലാണ് എണ്ണ നീക്കം ചെയ്യലും,രക്ഷാപ്രവർത്തനവുമെന്നു ആർക്കും മനസ്സിലാവും.ലോക ശ്രദ്ധപതിഞ്ഞിട്ടുള്ള ഈ കപ്പലപകടത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ കേരള തീരത്തു തന്നെ നിക്ഷേപിച്ചു തടിതപ്പുവാനുള്ള കപ്പൽ കമ്പനിയുടെ നീക്കങ്ങൾക്ക് മറഞ്ഞിരുന്നു പിൻതുണയേകുന്ന വൻശക്തികൾ ആരാണ്..?

രക്ഷാദൗത്യം കൊല്ലം തുറമുഖത്തിനു നേട്ടമാവും..

എൽസാ 3യുടെ രക്ഷാദൗത്യം കൊല്ലം പോർട്ടിനു നേട്ടമാവുന്നു എന്ന തരത്തിൽ ഒരു സൈഡ് ലൈറ്റും മാധ്യമങ്ങളിൽ ഇടം നേടി.കപ്പൽ വാടക ഇനത്തിൽ പോർട്ടിനു ലഭിച്ച വാടകയായ അറുപതുലക്ഷവും,രക്ഷാദൗത്യത്തിനായി എത്തിയ കപ്പലിന്റെ ഇമിഗ്രേഷൻ നടപടികളും കൊല്ലം പോർടിൽ തന്നെ പൂർത്തിയാക്കിയതാണ് നേട്ടമായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നത്.എന്തൊരു വിരോധാഭാസമാണിത്.നാളിതുവരെ നടപ്പിലാകാത്ത കൊല്ലം പോർട്ടിലെ ഇമിഗ്രേഷൻ നൂലാമാലകൾ മാറിക്കിട്ടാൻ ഒരു കപ്പൽ ദുരന്തം വേണ്ടിവന്നുവെന്നാണതിനർത്ഥം.ഏഴെട്ടു കൊല്ലമായി കപ്പൽ അടുക്കും എന്നു പറഞ്ഞവർ ഇനി കൊല്ലത്തു കപ്പലടുക്കുന്നത് യാഥാർത്ഥ്യമാക്കട്ടെ. കപ്പലടുക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പലതും കൊല്ലം പോർട്ടിൽ സജ്ജമാകേണ്ടതുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തു തീരദേശ ചരക്കു കപ്പൽ സർവ്വീസിനു തുടക്കം കുറിച്ചതാണ്.ഉദ്യോഗസ്ഥ കെടുകാര്യസ്ഥത കൊണ്ടു നിന്നുപോയ പദ്ധതിപോലും പുനരാരംഭിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.ഔട്ടർ ആങ്കറേജിൽ ക്രൂ ചെയിംഞ്ചും കൊല്ലം തുറമുഖത്തു സാധ്യമാകും.

## പാക്ക് മണ്ണിൽ 300 കി.മീ ഉള്ളിൽ വരെ ആക്രമണം നടത്തി; ഓപ്പറേഷൻ സിന്ദൂറിൽ 10 യുദ്ധവിമാനങ്ങൾ തകർത്തു'



ന്യൂഡൽഹി : കൃത്യത കൊണ്ടും പ്രഹരശേഷി കൊണ്ടും ചരിത്രത്തിന്റെ ഭാഗമാകുന്ന ആക്രമണമായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി.സിങ്. പാക്കിസ്ഥാനിൽ 300 കിലോമീറ്റർ ഉള്ളിൽ വരെ ഇന്ത്യ ആക്രമണം നടത്തി. പാക്കിസ്ഥാന്റെ എഫ്16, എഫ്17 ഉൾപ്പെടെ 10 യുദ്ധവിമാനങ്ങൾ തകർത്തു. സാധാരണക്കാരെ കൊലപ്പെടുത്തിയതിന്റെ വില തീവ്രവാദികൾക്കു നൽകേണ്ടിവന്നു. പാക്കിസ്ഥാൻ ഇന്ത്യയോടു വെടിനിർത്തലിന് അഭ്യർഥിക്കുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

"ഇന്ത്യയുടെ വ്യോമപ്രതിരോധത്തിന്റെ കരുത്ത് ഓപ്പറേഷൻ സിന്ദൂറിനിടെ ലോകം കണ്ടു. ദീർഘദൂര സർഫേസ് ടു എയർ മിസൈലുകളാണ് നിർണായകമായത്. പാക്കിസ്ഥാന്റെ 300 കിലോമീറ്റർ ഉള്ളിൽ വരെ ലക്ഷ്യം കാണാൻ നമുക്കായി. കൃത്യതയോടെ ആക്രമിക്കാൻ നമുക്കായി. പാക്കിസ്ഥാന്റെ തിരിച്ചുള്ള ആക്രമണത്തിൽ ചെറിയ പരുക്കുകൾ മാത്രമാണ് നമുക്കുണ്ടായത്. ഓപ്പറേഷൻ സിന്ദൂറിലൂടെ ഒറ്റ ദിവസം കൊണ്ട് പാക്കിസ്ഥാനെ മുട്ടിൽ നിർത്തി. ഇന്ത്യൻ യുദ്ധവിമാനങ്ങൾ തകർത്തെന്ന പാക്കിസ്ഥാന്റെ വാദം പാക്ക് ജനതയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി മാത്രമാണ്.

പാക്കിസ്ഥാന്റെ ഒട്ടേറെ വ്യോമകേന്ദ്രങ്ങൾ ആക്രമിച്ചു. നാലു കേന്ദ്രങ്ങളിലെ റഡാറുകൾ, രണ്ടു കേന്ദ്രങ്ങളിലെ കമാൻഡ് സെന്ററുകൾ, രണ്ടു കേന്ദ്രങ്ങളിലെ റൺവേകൾ, മൂന്നു കേന്ദ്രങ്ങളിലെ യുദ്ധവിമാന ഹാങ്ങറുകൾ എന്നിവ തകർത്തു. ഒരു സി130 വിമാനം, എഫ്16 ഉൾപ്പെടെ ഹാങ്ങറിലെ നാലോ അഞ്ചോ യുദ്ധവിമാനങ്ങൾ തകർത്തു. ഇതോടൊപ്പം അവരുടെ വ്യോമപ്രതിരോധ സംവിധാനവും തകർത്തു. സ്വന്തം അതിർത്തിക്കുള്ളിൽ നിശ്ചിത ദൂരപരിധിക്കുള്ളിൽ പോലും പ്രവർത്തിക്കാനാകില്ലെന്ന് അവർക്ക് വ്യക്തമായിട്ടുണ്ട്. 300 കിലോമീറ്റർ ഉള്ളിലുള്ള ലക്ഷ്യമാണ് നമ്മൾ നേടിയത്. ഇത് അവരുടെ പ്രവൃത്തികളെ സാരമായി ബാധിച്ചു"വ്യോമസേന മേധാവി പറഞ്ഞു


## പട്ടാള വാഹനക്കടത്ത്: ഭൂട്ടാനിലെ മുൻ സൈനിക ഉദ്യോഗസ്ഥനെ ചോദ്യംചെയ്ത് റോയൽ ഭൂട്ടാൻ കസ്റ്റംസ്

കൊച്ചി : ഭൂട്ടാൻ പട്ടാള വണ്ടി തട്ടിപ്പു കേസിൽ ഇന്ത്യൻ ഏജൻസികൾ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭൂട്ടാനിലെ മുൻ സൈനിക ഉദ്യോഗസ്ഥനെ റോയൽ ഭൂട്ടാൻ കസ്റ്റംസ് ചോദ്യം ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ കൊച്ചി കസ്റ്റംസ് പ്രിവന്റീവ് യൂണിറ്റിനു കൈമാറും. ഇതുവരെ പിടിച്ചെടുത്ത വണ്ടികളിൽ ഭൂട്ടാനിൽ നിന്നു കടത്തിയവ കണ്ടുകെട്ടാനും കള്ളക്കടത്തുകാർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും റോയൽ ഭൂട്ടാൻ കസ്റ്റംസിനെ നിയമം അധികാരപ്പെടുത്തിയിട്ടുണ്ട്. അതിന് ഇന്ത്യ ഗവൺമെന്റിന്റെ സഹകരണം വേണം. കേസന്വേഷണത്തിന്റെ ഭാഗമായി റോയൽ ഭൂട്ടാൻ കസ്റ്റംസ് സേനയിലെ അംഗങ്ങൾ അടുത്തയാഴ്ച കൊച്ചിയിലെത്തും. സമീപകാലത്തു ഭൂട്ടാനുമായി ബന്ധപ്പെട്ടു പുറത്തുവന്ന ഏറ്റവും വലിയ വാഹന കള്ളക്കടത്താണു കൊച്ചി കസ്റ്റംസിന്റെ ഓപ്പറേഷൻ 'നുമ്ഖോറിൽ' മറനീക്കി പുറത്തുവന്നത്. ഭൂട്ടാൻ നിയമപ്രകാരം ഒന്നിലധികം ക്രിമിനൽ കുറ്റങ്ങൾ ഈ കേസിൽ നിലനിൽക്കുന്നുണ്ടെന്നു നിയമവിദഗ്ധർ ചൂണ്ടിക്കാട്ടി. ഇന്ത്യയടക്കമുള്ള വിദേശരാജ്യങ്ങളിൽ വേരുകളുള്ള ഒരു കള്ളക്കടത്ത് റാക്കറ്റ് ഭൂട്ടാൻ കേന്ദ്രമാക്കി പ്രവർത്തിക്കുക, ഭൂട്ടാൻ പട്ടാളം ഒഴിവാക്കിയ വണ്ടികൾ ഇന്ത്യയിലേക്കു കടത്തുക, അതിനായി വ്യാജരേഖകൾ ചമയ്ക്കുക, ഭൂട്ടാനിലേക്ക് വിദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത വാഹനങ്ങൾ സംഘടിതമായി ഇന്ത്യയിലേക്കു കടത്തുക തുടങ്ങിയ കുറ്റങ്ങൾ ഭൂട്ടാനിലെ നിയമപ്രകാരം ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളാണ്.

## ശബരിമല സ്വർണം പൂശൽ വിവാദം: ഉണ്ണിക്കൃഷ്ണൻ പോറ്റിയെ വിജിലൻസ് ചോദ്യം ചെയ്യും

തിരുവനന്തപുരം : ശബരിമലയിലെ ദ്വാരപാലക ശിൽപം സ്വർണം പൂശിയതു സംബന്ധിച്ച വിവാദത്തിൽ ഉണ്ണിക്കൃഷ്ണൻ പോറ്റിയെ ശനിയാഴ്ച വിജിലൻസ് ചോദ്യം ചെയ്തേക്കും. 1998 ൽ വിജയ് മല്യ സ്വർണം പൊതിഞ്ഞതു മുതൽ 2019 ൽ ഉണ്ണിക്കൃഷ്ണൻ പോറ്റി സ്വർണം പൂശിയതുവരെയുള്ള വിവരങ്ങൾ അന്വേഷിക്കും. ഉണ്ണിക്കൃഷ്ണൻ പോറ്റി ആരോടൊക്കെ എത്ര പണം പിരിച്ചെന്നും അന്വേഷിക്കും. ഇതേസമയം, എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയേണ്ടത് താനല്ലെന്നും സത്യം പുറത്തുവരേണ്ടത് ആവശ്യമാണെന്നും പറയാനുള്ളതെല്ലാം കോടതിയിൽ പറയുമെന്നും ബെംഗളൂരുവിൽ നിന്നു തിരുവനന്തപുരത്തെത്തിയ ഉണ്ണിക്കൃഷ്ണൻ പോറ്റി പറഞ്ഞു.

സ്വർണപ്പാളി എടുത്തു കൊണ്ടുപോയത് താനല്ല. ഇക്കാര്യത്തിൽ താൻ തെറ്റുകാരനല്ല. പറയാനുള്ളതു കോടതിയെ അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ കൈമാറും. അന്വേഷണ ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ഹാജരാകും പോറ്റി പറഞ്ഞു. അതേസമയം, റജിസ്റ്ററിൽ രേഖപ്പെടുത്താതെ വഴിപാടുവസ്തുക്കൾ എങ്ങനെ പുറത്തുകൊണ്ടുപോയെന്ന ചോദ്യത്തിന് പോറ്റി മറുപടി നൽകിയില്ല. വാസുദേവൻ പീഠം വീട്ടിലെത്തിച്ചിട്ട് എന്തുകൊണ്ട് പൊലീസിനെ അറിയിച്ചില്ല എന്നതിനും പ്രതികരണമുണ്ടായില്ല. കിളിമാനൂർ കാരേറ്റ് സ്വദേശിയായ ഉണ്ണിക്കൃഷ്ണൻ പോറ്റി ഭക്തിയുടെ മറവിൽ ശബരിമലയും ഇതര സംസ്ഥാനങ്ങളും കേന്ദ്രീകരിച്ച് വ്യാപകമായ പണപ്പിരിവു നടത്തിയതായാണ് വിജിലൻസിനു ലഭിച്ചിരിക്കുന്ന വിവരം.



## സ്വർണ്ണതിളക്കമുള്ള റാങ്കുമായി സ്റ്റെഫാനി

കൊല്ലം: ശക്തികുളങ്ങര തീരത്തിന് വീണ്ടും റാങ്ക് നേട്ടം. ശക്തികുളങ്ങര വെട്ടു തോട്ടിൽ ഷിബു മോറീസിന്റെയും ഷൈനി ഷിബുവിന്റെയും മകൾ സ്റ്റെഫാനി ഷിബു മോറിസ്, സ്കൂൾ ഓഫ് പ്ലാനിംഗ് ആൻഡ് ആർക്കിടെക്ചറിൽ ഒന്നാം റാങ്കും (എം. ആർക്ക് അർബൻ ഡിസൈൻ തീസിസിൽ ) സ്വർണ മെഡലും കരസ്ഥമാക്കി. സ്റ്റെഫാനിക്ക് അഭിനന്ദനങ്ങൾ.



## ഡെപ്യൂട്ടേഷൻ നിയമനം

തിരുവനന്തപുരം മെഡിക്കൽ കോളജിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ അസിസ്റ്റന്റ് ഗ്രേഡ് കക തസ്തികയിലെ ഒഴിവിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽനിന്നും അപേക്ഷ ക്ഷണിച്ചു. ശംബള സ്കെയിൽ: 37,400–79,000/ 39,30083,000. ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. സർക്കാർ സ്ഥാപനങ്ങളിലോ ഏതെങ്കിലും സ്വയംഭരണ സ്ഥാപനത്തിലോ മൂന്നുവർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം ഉണ്ടാകണം.

താത്പര്യമുള്ളവർ ബയോഡാറ്റ, വകുപ്പ് മേധാവിയുടെ എൻ.ഒ.സി, കെ.എസ്.ആർ പാർട്ട് 1, റൂൾ 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, ഡിക്ലറേഷൻ എന്നിവ സഹിതമുള്ള അപേക്ഷ 'ഡയറക്ടർ, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ, മെഡിക്കൽ കോളജ്, തിരുവനന്തപുരം വിലാസത്തിൽ ഒക്ടോബർ 13 വൈകിട്ട് 3ന് മുൻപ് ലഭ്യമാക്കണം. ഫോൺ: 0471-2553540.

## സർവീസ് സംഘടനകളുടെ മേൽവിലാസം ശേഖരിക്കുന്നു

സർക്കാർ അംഗീകൃത സർവീസ് സംഘടനകളുമായി സർക്കാർ നടത്തുന്ന ചർച്ചകളിൽ പങ്കെടുക്കുന്നതിനുള്ള അറിയിപ്പ് കൃത്യമായി ലഭ്യമാക്കുന്നതിന് സർക്കാർ അംഗീകാരമുള്ള വിവിധ സർവീസ് സംഘടനകളുടെ മേൽവിലാസം ശേഖരിക്കുന്നു. സർക്കാർ അംഗീകാരം നൽകിയിട്ടുള്ള പൊതു സർവീസ് സംഘടനകളുടേയും വകുപ്പുതല സർവീസ് സംഘടനകളുടെയും വിവരങ്ങൾ ബന്ധപ്പെട്ട സംഘടനാ ചുമതല വഹിക്കുന്നവർ/ പ്രതിനിധികൾ https://forms.gle/Q3hPYbVmQyoZiWw86 ലിങ്കിൽ പ്രവേശിച്ച് വിവരം അപ്ഡേറ്റ് ചെയ്യണം. വകുപ്പ് മേധാവികളും സ്ഥാപന മേധാവികളും പ്രസ്തുത വകുപ്പിന്/ സ്ഥാപനത്തിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകൃത സർവീസ് സംഘടനകളുടെ വിവരം അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.

## യുവജന കമ്മീഷന്റെ സംസ്ഥാനതല ചെസ്സ് മത്സരം ഒക്ടോബർ 7ന്

ദേശീയ യുവജന ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങൾക്കായി സംസ്ഥാനതല ചെസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഒക്ടോബർ 7 ന് കണ്ണൂരിലെ കൃഷ്ണ മേനോൻ സ്മാരക ഗവ. വനിത കോളേജിലാണ് മത്സരം സംഘടിപ്പിക്കുന്നത്. ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 15000, 10000, 5000 രൂപയും നാല് മുതൽ എട്ടാം സ്ഥാനം വരെ 3000 രൂപ വീതവും സമ്മാനമായി ലഭിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 15 നും 40 നും ഇടയിൽ പ്രായമുള്ളവർ ഫോട്ടോയും ഫിഡെ റേറ്റിംഗും ഉൾപ്പെടെ വിശദമായ ബയോഡേറ്റ official.ksyc@gmail.com മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം -33) നേരിട്ടോ നൽകാം. അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 5. കൂടുതൽ വിവരങ്ങൾക്ക് : 0471-2308630.

# ക്ഷേമനിധി ബോർഡിലൂടെ സർക്കാർ വിതരണം ചെയ്തത് 347 കോടി രൂപയുടെ ആനുകൂല്യങ്ങൾ: മന്ത്രി വി ശിവൻകുട്ടി

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാത്രം 84,203 പേർക്ക് 347 കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡിലൂടെ നൽകിയതായി തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. മോട്ടോർ വാഹന ക്ഷേമ നിധി ബോർഡിന്റെ കുടിശ്ശിക നിവാരണ ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ശിക്ഷക് സദനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ഈ സാമ്പത്തിക വർഷത്തിലെ ആദ്യ അഞ്ചു മാസങ്ങളിലായി 41,990 ആളുകൾ പുതുതായി അംഗത്വമെടുത്തത് പദ്ധതിയുടെ സ്വീകരണശേഷിയും കാര്യക്ഷമതയും തെളിയിക്കുന്നു.

മോട്ടോർ തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പാക്കുന്നതിനുള്ള ചരിത്രപ്രാധാന്യമുള്ള പദ്ധതി കേരള സർക്കാർ 1985-ൽ ആരംഭിച്ചു. പിന്നീട് 2005-ൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി വികസിപ്പിച്ചു കൊണ്ടു വന്നപ്പോൾ, ഇന്ന് 12 ലക്ഷത്തിലധികം തൊഴിലാളികളും 15 ലക്ഷത്തിലധികം വാഹനങ്ങളും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നിൽക്കുന്നു എന്നത് വലിയ സന്തോഷകരമാണ്. തൊഴിലാളികളുടെ ജീവിതത്തിലും കുടുംബങ്ങളുടെ ഭദ്രതയിലും വലിയ മാറ്റം വരുത്തിക്കൊണ്ട് ക്ഷേമനിധി ബോർഡ് മികച്ച രീതിയിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു. പെൻഷൻ, കുടുംബപെൻഷൻ, ചികിത്സാ ധനസഹായം, മരണാനന്തര സ്കോളർഷിപ്പ്, വിവാഹ ധനസഹായം, ശവസംസ്കാര ധനസഹായം, വിദേശത്തുനിന്നു മടങ്ങിയവർക്ക് സഹായം തുടങ്ങി തൊഴിലാളികളുടെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും സുരക്ഷിതത്വം നൽകുന്ന പദ്ധതികളാണ് ക്ഷേമ ബോർഡ് നടപ്പിലാക്കുന്നത്.



കേരള മോട്ടോർ വാഹന ക്ഷേമനിധി ബോർഡിന്റെ കുടിശ്ശിക നിവാരണ ക്യാമ്പുകളുടെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു

കഴിഞ്ഞ ഏതാനും മാസങ്ങളിൽ ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ നിരവധി നടപടികളാണ് സർക്കാരിന്റെ നിർദ്ദേശപ്രകാരം മുന്നോട്ടു കൊണ്ടുപോയത്. പെൻഡിംഗ് ഫയലുകൾ തീർപ്പാക്കലിനായി പ്രത്യേക പദ്ധതി നടപ്പിലാക്കി. അവധി ദിവസങ്ങളിലുൾപ്പെടെ ഓഫീസുകൾ തുറന്ന് 5858 ഫയലുകൾ തീർപ്പാക്കി 37 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. സ്കൂളുകൾ തുറക്കുന്നതിനുമുമ്പ് തന്നെ കുട്ടികൾക്ക് സ്കൂൾ കിറ്റുകൾ നൽകി. അപേക്ഷകരിൽ അർഹത നേടിയവർക്കായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചു. ഫയലുകളുടെ ഡിജിറ്റൈസേഷനും ഡാറ്റാ എൻട്രിയും പുരോഗമിക്കുന്നു. ഇപ്പോഴും പല തൊഴിലാളികളും കുടിശ്ശികക്കാരായിരിക്കുന്ന സാഹചര്യമുണ്ട്. അവബോധത്തിന്റെ കുറവും വിവരങ്ങളുടെ അഭാവവുമാണ് ഇതിന് കാരണം. ഈ കുറവ് പരിഹരിക്കാനാണ് 2025 ഒക്ടോബർ 3 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം 200 കുടിശ്ശിക നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ഈ ക്യാമ്പുകളുടെ സന്ദേശം തൊഴിലാളികളിലെത്തിക്കുന്നതിനായി കഴിഞ്ഞ ഒരു മാസക്കാലമായി സംസ്ഥാനവ്യാപകമായി പ്രചരണ പരിപാടിയും ട്രേഡ് യൂണിയനുകളുടെ സഹകരണത്തോടെ നടത്തി.ഈ ക്യാമ്പുകളിലൂടെ കുടിശ്ശികകളുടെ ഭാരത്തിൽ നിന്ന് തൊഴിലാളികളെ മോചിപ്പിക്കാനും ക്ഷേമബോർഡിന്റെ എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭ്യമാക്കാനും കഴിയും. തൊഴിലാളികളുടെ ക്ഷേമമാണ് സർക്കാരിനും ബോർഡിനും ഏറ്റവും മുൻഗണന. ഈ പരിപാടി അതിന്റെ തെളിവാണ്. കേരള മോഡൽ എന്നറിയപ്പെടുന്ന സാമൂഹിക സുരക്ഷാ സംസ്ഥാനത്തിന്റെ ശക്തമായ അടിത്തറ തൊഴിലാളികളുടെ ക്ഷേമത്തിലാണ്. നമ്മുടെ മോട്ടോർ തൊഴിലാളികൾ കൂടുതൽ ശക്തരാകട്ടെ, സംരക്ഷിതരാകട്ടെ, അവരുടെ കുടുംബങ്ങൾക്കു സുരക്ഷിതമായ ഭാവി ഉണ്ടാകട്ടെയെന്നും മന്ത്രി ആശംസിച്ചു. മാതൃകാ പ്രവർത്തനം നടത്തിയ കടക്കലിലെ ഓട്ടോറിക്ഷ ഡ്രൈവർ ലാലു ടി, ക്ഷേമനിധി ബോർഡ് ജീവനക്കാരി രേഖയുടെ മകൾ സന്ധ്യ എന്നിവരെ ചടങ്ങിൽ ആദരിച്ചു. മോട്ടോർ തൊഴിലാളികളുടെ മക്കളിൽ കലാകായിക മൽസരങ്ങളിൽ വിജയികളായവർക്കുള്ള അവാർഡ് ദാനവും ചടങ്ങിൽ നടന്നു. ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സി കെ ഹരികൃഷ്ണൻ സ്വാഗതമാശംസിച്ചു. ബോർഡംഗങ്ങൾ, വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.സി ഇ ഒ പി ആർ ശങ്കർ നന്ദി അറിയിച്ചു.

## ഡിപ്ലോമ: പുതുക്കിയ പരീക്ഷാ തീയതികൾ

2025 സെപ്റ്റംബർ 30, ഒക്ടോബർ 17 തീയതികളിൽ നടത്താനിരുന്ന ഡിപ്ലോമ (റിവിഷൻ 2010) മേഴ്സി ചാൻസ് പരീക്ഷകൾ മാറ്റി. സെപ്റ്റംബർ 30ന് നടത്താനിരുന്ന പരീക്ഷ ഒക്ടോബർ 23 ലേക്കും ഒക്ടോബർ 17ന് നടത്താനിരുന്ന പരീക്ഷ ഒക്ടോബർ 24 ലേക്കുമാണ് മാറ്റിയത്. സമയക്രമത്തിൽ മാറ്റമില്ല. കൂടുതൽ വിവരങ്ങൾക്ക്: sbte.kerala.gov.in, tekerala.org.

# 'മലയാളം വാനോളം, ലാൽസലാം' : മോഹൻലാലിന് ആദരം നാളെ

## പ്രവേശനം സൗജന്യമാണെന്ന് മന്ത്രി സജി ചെറിയാൻ

രാജ്യത്തെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ മഹാനടൻ മോഹൻലാലിനെ ആദരിക്കുന്നതിനായി കേരള സർക്കാർ സംഘടിപ്പിക്കുന്ന മലയാളം വാനോളം ലാൽസലാം പരിപാടി നാളെ വൈകുന്നേരം 4.30 മുതൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കും. പരിപാടിയുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ സാന്നിധ്യത്തിൽ സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ആദരവ് ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന് വേണ്ടി മോഹൻലാലിനെ ആദരിക്കും. കവി പ്രഭാവർമ്മ രചിച്ച പ്രശസ്തിപത്രം മുഖ്യമന്ത്രി മോഹൻലാലിന് സമർപ്പിക്കും. ഈ പ്രശസ്തിപത്രത്തിലെ വരികൾ ഗായിക ലക്ഷ്മിദാസ് കവിതാരൂപത്തിൽ ആലപിക്കും.

മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. മന്ത്രി സജി ചെറിയാൻ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ കെ.എൻ ബാലഗോപാൽ, ജി. ആർ അനിൽ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, ശശി തരൂർ എംപി, മേയർ ആര്യ രാജേന്ദ്രൻ എന്നിവരുൾപ്പെടെ രാഷ്ട്രീയ-സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖർ പങ്കെടുക്കും. വിശിഷ്ടാതിഥികളായി സംവിധായകരായ അടൂർ ഗോപാലകൃഷ്ണൻ, ജോഷി, നടിമാരായ രഞ്ജിനി, അംബിക എന്നിവരെ ക്ഷണിച്ചിട്ടുണ്ട്. വലിയ ജനപങ്കാളിത്തമാണ് പരിപാടിയിൽ പ്രതീക്ഷിക്കുന്നത്. പ്രവേശനം പൂർണമായും സൗജന്യമാണ്. എല്ലാവർക്കും സുരക്ഷിതമായി പങ്കെടുക്കാനുള്ള ക്രമീകരണങ്ങൾ പോലീസിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയതായും മന്ത്രി അറിയിച്ചു.

വൈകുന്നേരം 4.30 ന് ശ്രാവണയുടെ സോളോ വയലിൻ പ്രകടനത്തോടെ പരിപാടി തുടങ്ങും. ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം, ടി.കെ രാജീവ്കുമാർ സംവിധാനം ചെയ്യുന്ന പ്രത്യേക കലാവിരുന്ന് 'രാഗമോഹനം' അരങ്ങേറും.

മോഹൻലാലിന്റെ നടനചാതുര്യത്തിന് സമർപ്പണമായി കഥകളി ആചാര്യൻ കലാമണ്ഡലം ഗോപി സുബ്രഹ്മണ്യൻ ആശാന്റെ 'തിരനോട്ടം' ഉണ്ടാകും. തുടർന്ന്, എം.ജി ശ്രീകുമാർ, സുജാത, സിത്താര, മഞ്ജരി, മൃദുല വാര്യർ, റിമി ടോമി തുടങ്ങി മലയാളത്തിലെ പ്രശസ്തരായ ഗായകർ മോഹൻലാൽ ചിത്രങ്ങളിലെ അവിസ്മരണീയ ഗാനങ്ങൾ കോർത്തിണക്കി സംഗീതാർച്ചന നടത്തും. മോഹൻലാലും സംഗീത വിരുന്നിൽ ഗാനം ആലപിക്കും. പരിപാടിക്ക് ആശംസകൾ അർപ്പിക്കുവാനായി നടിമാരായ ശോഭന, മീന, ഉർവശി, മേനക, ലക്ഷ്മി ഗോപാലസ്വാമി, മാളവിക മോഹനൻ, രഞ്ജിനി, അംബിക എന്നിവരും 'ലാൽസലാം' വേദിയിലെത്തും. കെ എസ് എഫ് ഡി സി ചെയർപേഴ്സൺ കെ മധു നന്ദി അറിയിക്കും.

മോഹൻലാലിന്റെ സിനിമാ ജീവിതത്തിലെ നേർക്കാഴ്ച ഇത്രയും വിപുലമായി അദ്ദേഹത്തിന്റെ പൂർണ്ണ സാന്നിധ്യത്തിൽ സംഘടിപ്പിക്കുന്നത് ആദ്യമായിട്ടാണെന്നും മന്ത്രി സജി ചെറിയാൻ കൂട്ടിച്ചേർത്തു.

# തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കാം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.i ലെ വോട്ടർസെർച്ച് (Voter search) ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കാം. സംസ്ഥാനം, തദ്ദേശ സ്ഥാപനം, വാർഡ് എന്നിങ്ങനെ മൂന്ന് തലങ്ങളിൽ തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് തിരയാൻ കഴിയുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

വോട്ടർപട്ടികയിലേയ്ക്ക് അപേക്ഷിക്കുമ്പോൾ നൽകിയിട്ടുള്ള പേര്, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർതിരിച്ചറിയൽ കാർഡ് നമ്പർ (EPIC) എന്നിവ നൽകി പേര് തിരയാം. EPIC കാർഡ് നമ്പർ രണ്ട് തരത്തിലുണ്ട്, പഴയതും പുതിയതും. തദ്ദേശസ്ഥാപന വോട്ടർപട്ടികയിൽ അപേക്ഷിക്കുമ്പോൾ ഇവയിലേതാണോ നൽകിയിട്ടുള്ളത്, അതുപയോഗിച്ച് തിരഞ്ഞാൽ മാത്രമേ പേര് കണ്ടെത്താൻ കഴിയുകയുള്ളൂ.

ഇതു കൂടാതെ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള പഴയ SEC Id നമ്പരോ, പുതിയ SEC നമ്പരോ ഉപയോഗിച്ചും പേരുണ്ടോയെന്ന് പരിശോധിക്കാം.

സംസ്ഥാനതലത്തിൽ വോട്ടർപട്ടികയിൽ പേരു തിരയാൻ വെബ് സൈറ്റിൽ പ്രവേശിച്ച് വോട്ടർ സർവീസ് (Voter service) ക്ലിക്ക് ചെയ്യണം. അപ്പോൾ സെർച്ച് വോട്ടർ സ്റ്റേറ്റ് വൈസ് (Search Voter Statewise), സെർച്ച് വോട്ടർ ലോക്കൽ ബോഡി വൈസ് (Search Voter Localbodywise), സെർച്ച് വോട്ടർ വാർഡ് വൈസ് (Search Voter Wardwise) എന്നീ മൂന്ന് ഓപ്ഷനുകൾ സ്ക്രീനിൽ തെളിയും. ഇതിൽ സംസ്ഥാനതലത്തിൽ പേര് തിരയാൻ ആദ്യത്തെ സ്റ്റേറ്റ് വൈസ് ഓപ്ഷൻ ക്ലിക്ക് ചെയ്യണം. അപ്പോൾ സെർച്ച് ബൈ EPIC / Old SEC id , സെർച്ച് ബൈ New SEC Id എന്നീ രണ്ട് ഓപ്ഷനുകൾ മുകളിൽ ഇടതു വശത്തായി കാണാം. ഇതിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ ഐഡി കാർഡ് നമ്പർ, സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെ പഴയ SEC Id നമ്പർ, പുതിയ SECയും 9 അക്കങ്ങളും ചേർന്ന സവിശേഷ നമ്പർ എന്നിവ ഉപയോഗിച്ച് പേര് തിരയാവുന്നതാണ്.

ഇനി ലോക്കൽബോഡി വൈസ് ഓപ്ഷൻ ക്ലിക്ക് ചെയ്ത് തദ്ദേശസ്ഥാപനതലത്തിലും പേര് തിരയാവുന്നതാണ്. ഇവിടെ ജില്ലയുടെ പേരും തദ്ദേശസ്ഥാപനത്തിന്റെ പേരും നൽകിയിട്ട് , വോട്ടറുടെ പേരോ, വോട്ടർ ഐഡി കാർഡ് നമ്പരോ (EPIC) , SECയുടെ പഴയതോ, പുതിയതോ ആയ നമ്പരോ എന്റർ ചെയ്ത് പേര് പരിശോധിക്കാം. അതു പോലെ സെർച്ച് വാർഡ് വൈസ് ക്ലിക്ക് ചെയ്തും വാർഡ് തലത്തിൽ വോട്ടറുടെ പേര് തിരയാവുന്നതാണ്. അപേക്ഷിക്കുമ്പോൾ നൽകിയിട്ടുള്ള പേരും, വോട്ടർ ഐഡി കാർഡ് നമ്പരും കൃത്യമായി നൽകിയാൽ മാത്രമേ പരിശോധനയിൽ പേര് കണ്ടെത്താൻ കഴിയുകയുള്ളൂ.

ഇരട്ടവോട്ടുണ്ടെന്ന് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അക്കാര്യം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ അറിയിക്കാവുന്നതാണ്.

# ഹഡിൽ ഗ്ലോബൽ 2025: ലോകോത്തര നിലവാരമുള്ള നൂറോളം സ്റ്റാർട്ടപ്പുകളുടെ എക്സ്പോ സംഘടിപ്പിക്കും

## ഡിസംബർ 11 മുതൽ 13 വരെ ദി ലീല കോവളം, എ റാവിസിൽ

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷൻറെ ഹഡിൽ ഗ്ലോബൽ 2025 നോടനുബന്ധിച്ച് ലോകോത്തര നിലവാരമുള്ള സ്റ്റാർട്ടപ്പുകളുടെ അത്യാധുനിക സാങ്കേതികവിദ്യാ ഉത്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്ന എക്സ്പോ സംഘടിപ്പിക്കും. ഡിസംബർ 11 മുതൽ 13 വരെ ദി ലീല കോവളം, എ റാവിസ് ഹോട്ടലിൽ നടക്കുന്ന ഹഡിൽ ഗ്ലോബൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കേരളത്തിനകത്തും പുറത്തും നിന്നുമുള്ള വിവിധ മേഖലകളിലെ നൂറോളം സ്റ്റാർട്ടപ്പുകളുടെ ഉത്പന്നങ്ങളാണ് എക്സ്പോയിലുള്ളത്. ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിലൂടെ സാങ്കേതിക, വ്യാവസായിക മേഖലകളിലെ പ്രമുഖരുമായി നേരിട്ട് സംവദിക്കാനും നിക്ഷേപകർക്ക് മികച്ച സ്റ്റാർട്ടപ്പുകളെ കണ്ടെത്തി നിക്ഷേപം നടത്താനും എക്സ്പോ അവസരമൊരുക്കും.എഡ്യൂടെക്, ഓഗ്മെൻറഡ് റിയാലിറ്റി/ വെർച്വൽ റിയാലിറ്റി, ഫിൻടെക്, ലൈഫ് സയൻസ്, സ്പേസ്ടെക്, ഹെൽത്ത്ടെക്, ബ്ലോക്ക് ചെയ്ൻ, ഐഒടി, ഇ - ഗവേണൻസ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് / മെഷീൻ ലേണിംഗ്, എആർ/വിആർ, ഐഒടി, ഗ്രീൻടെക്, എന്നിവയുൾപ്പെടെയുള്ള അത്യാധുനിക മേഖലകളിലെ സ്റ്റാർട്ടപ്പുകൾ എക്സ്പോയുടെ ഭാഗമായുണ്ട്.ഹ്യൂമനോയിഡ് റോബോട്ടുകൾ, ഓട്ടോണമസ് ഡ്രോണുകൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ, ഊർജ്ജം ലാഭിക്കാൻ സഹായകമാകുന്ന സാങ്കേതിക ഉത്പന്നങ്ങൾ തുടങ്ങിയവയും പ്രദർശനത്തിനുണ്ട്. ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പ് ഉത്പന്നങ്ങളും സേവനങ്ങളും എക്സ്പോയുടെ ഭാഗമാകും.പുത്തൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്റ്റാർട്ടപ്പുകൾ നിർമ്മിച്ച നൂതന മാലിന്യ സംസ്കരണ സംവിധാനങ്ങൾ, അഗ്നി സുരക്ഷാ ഉപകരണങ്ങൾ, പുതുതലമുറ റോബോട്ടിക്സ് സൊല്യൂഷനുകൾ, ശാസ്ത്രത്തിലും ഗണിതത്തിലും വിദ്യാർത്ഥികളെ ശാക്തീകരിക്കുന്ന വിദ്യാഭ്യാസ ഉപകരണങ്ങൾ തുടങ്ങിയവയും എക്സ്പോയെ ശ്രദ്ധേയമാക്കും.സ്റ്റാർട്ടപ്പുകൾക്കൊപ്പം സർക്കാർ ഗവേഷണ വികസന സ്ഥാപനങ്ങളും ഇൻകുബേഷൻ സെൻററുകളും എക്സ്പോയിലുണ്ട്. കാർഷിക സംസ്കരണം, സമുദ്ര സാങ്കേതികവിദ്യ, മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ അവരുടെ ഏറ്റവും പുതിയ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും എക്സ്പോ വേദിയാകും.

ഇൻവെസ്റ്റർ ഓപ്പൺ പിച്ചുകൾ, ഫൗണ്ടേഴ്സ് മീറ്റ്, ഇംപാക്റ്റ് 50, പിച്ച് ഇറ്റ് റൈറ്റ്, സൺ ഡൗൺ ഹഡിൽ, റൗണ്ട്ടേബിളുകൾ എന്നിങ്ങനെയുള്ള സെഷനുകൾ ഇക്കൊല്ലത്തെ ഹഡിൽ ഗ്ലോബലിൽ ഉണ്ടാകും. പിച്ച് മത്സരങ്ങൾ, സ്റ്റാർട്ടപ്പ് എക്സ്പോകൾ, നിക്ഷേപക സംഗമങ്ങൾ, ഫയർസൈഡ് ചാറ്റുകൾ, മാസ്റ്റർക്ലാസുകൾ, ക്യൂറേറ്റഡ് നെറ്റ് വർക്കിംഗ് അനുഭവങ്ങൾ എന്നിവയും സ്റ്റാർട്ടപ്പ് സംഗമത്തെ ആകർഷകമാക്കും.രജിസ്ട്രേഷന്: www.huddleglobal.co.in.

## വിദ്യാസമുന്നതി സ്കോളർഷിപ്പിന് അപേക്ഷിക്കാം

കേരളത്തിലെ മുന്നാക്ക (സംവരണേതര) സമുദായങ്ങളിൽപ്പെടുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ ഉൾപ്പെടുന്നവരുമായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായമായി സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (സമുന്നതി) നടപ്പിലാക്കുന്ന 'വിദ്യാസമുന്നതി' മെരിറ്റ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഒക്ടോബർ 5 മുതൽ ഓൺലൈനായി സമർപ്പിക്കാം. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ബിരുദം, ബിരുദാനന്തര ബിരുദം, സി.എ/ സി.എം.എ/ സി.എസ്, ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിലെ ബിരുദം/ബിരുദാനന്തര ബിരുദം, ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നീ വിഭാഗങ്ങളിലാണ് സ്കോളർഷിപ്പുകൾ നൽകുന്നത്.വിവിധ മത്സരപരീക്ഷകളുടെ പരിശീലനത്തിനുള്ള ധനസഹായം അനുവദിക്കുന്ന 'വിദ്യാസമുന്നതി' കോച്ചിംഗ് അസിസ്റ്റൻസ് പദ്ധതിയിലേക്കും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

വിശദവിവരങ്ങൾക്കും, ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും www.kswcfc.org സന്ദർശിക്കുക. നവംബർ 4 വരെ അപേക്ഷകൾ സ്വീകരിക്കും.

# രോഗങ്ങൾ മുൻകൂട്ടി കണ്ടെത്താൻ സഹായകമായ കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾ വികസിപ്പിച്ച് ആർജിസിബി ഗവേഷകർ

## കാൻസർ ചികിത്സയ്ക്കും അൽഷിമേഴ്സ്, പാർക്കിൻസൺസ് രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിന് സഹായകം

തിരുവനന്തപുരം: രോഗകാരികളായ തൻമാത്രകളെ കണ്ടെത്താനും രോഗ കോശങ്ങളെ നശിപ്പിക്കാനും സഹായകമായ കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾ വികസിപ്പിച്ച് ബ്രിക്-ആർജിസിബി ഗവേഷകർ.

അൽഷിമേഴ്സ്, പാർക്കിൻസൺസ് പോലുള്ള രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനും വ്യക്തിഗത രോഗനിർണയത്തിനും ഇത് സഹായിക്കും. ആൻറി-കാൻസർ ഡ്രഗ് നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പഠനങ്ങളിലൊന്നായി ഇതിനെ കണക്കാക്കാം. അന്താരാഷ്ട്ര പ്രശസ്തമായ നേച്ചർ കമ്മ്യൂണിക്കേഷൻസ് ജേർണലിൻറെ പുതിയ പതിപ്പിൽ പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബ്രിക്-ആർജിസിബി ഫാക്കൽറ്റി ശാസ്ത്രജ്ഞനായ ഡോ. മഹേന്ദ്രൻ കെ ആറിൻറെ നേതൃത്വത്തിലുള്ള ഗവേഷകരുടെ സംഘമാണ് ഡിപിപോർഎ എന്നറിയപ്പെടുന്ന കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾ വികസിപ്പിച്ചത്.

സിന്തറ്റിക് പെപ്റ്റൈഡുകളിൽ നിന്നാണ് ശരീരകോശങ്ങളിലെ സ്തരങ്ങളിൽ കാണപ്പെടുന്ന ചെറിയ സുഷിരങ്ങളായ നാനോപോറുകൾ നിർമ്മിച്ചത്. പ്രകൃതിദത്ത പ്രോട്ടീനുകളുടെ ഘടനാപരമായ രൂപത്തിൻറെ കണ്ണാടി പ്രതിബിംബമാണ് കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾക്കുള്ളത്.ഈ സിന്തറ്റിക് പെപ്റ്റൈഡുകൾ ജീവനുള്ള കോശങ്ങളുമായി എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ഗവേഷകർ പഠനവിധേയമാക്കി. കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾ കാൻസർ കോശങ്ങളെ തിരഞ്ഞെടുത്ത് നശിപ്പിക്കുകയും ആരോഗ്യമുള്ള കോശങ്ങളെ കേടുകൂടാതെ സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന് കണ്ടെത്തി. ഈ സിന്തറ്റിക് സുഷിരങ്ങളെ കാൻസർ ചികിത്സാമാർഗമായി വികസിപ്പിക്കാൻ കഴിയും.


നൂതന കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾ ഉപയോഗിച്ച് ശരീരത്തിലെ ചെറിയ ഗ്ലൂക്കോസ് തൻമാത്രകൾ മുതൽ വലിയ പ്രോട്ടീനുകൾ വരെയുള്ള വൈവിധ്യമാർന്ന ജൈവതൻമാത്രകൾ നമുക്ക് കണ്ടെത്താൻ കഴിയുമെന്ന് ഡോ. മഹേന്ദ്രൻ കെ ആർ പറഞ്ഞു. കാൻസർ, അൽഷിമേഴ്സ്, പാർക്കിൻസൺ തുടങ്ങിയ രോഗചികിത്സയ്ക്കായി പഠന ഫലങ്ങൾ വികസിപ്പിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അത്യാധുനിക പഠനമേഖലകളായ സിന്തറ്റിക് നാനോ ടെക്നോളജി, കാൻസർ ബയോളജി എന്നിവ സംയോജിപ്പിച്ച് രോഗനിർണയം സാധ്യമാക്കാൻ ഈ കണ്ടെത്തലിലൂടെ സാധിക്കും. നാനോബയോടെക്നോളജി മേഖലയിലെ ഭാവി ഗവേഷണങ്ങൾക്കും ഇത് വലിയ മുതൽക്കൂട്ടാകും.

കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾ വളരെയധികം പ്രാധാന്യമർഹിക്കുന്നതാണെന്നും ഇതിനു പിന്നിലെ ടീമിനെ അഭിനന്ദിക്കുന്നതായും ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ പറഞ്ഞു. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും രോഗങ്ങളുടെ പ്രാരംഭഘട്ട കണ്ടെത്തലിനും വ്യക്തിഗത രോഗനിർണയത്തിനും കൃത്രിമ മിറർ-ഇമേജ് നാനോപോറുകൾ സഹായകമാകും.അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങി നാഡീസംബന്ധമായ രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനൊപ്പം ആരോഗ്യകരമായ കോശങ്ങൾക്ക് ദോഷം വരുത്താതെ പുതിയ കാൻസർ ചികിത്സാമാർഗമായി വികസിപ്പിക്കാനുള്ള വലിയ സാധ്യത ഈ പഠനത്തിനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡോ. ഹർഷ ബജാജ്സ് ഗ്രൂപ്പ് (സിഎസ്ഐആർ, എൻഐഐഎസ്ടി തിരുവനന്തപുരം), ഡോ. ഉൾറിച്ച് ക്ലീനിക്കാത്തോഫർസ് ഗ്രൂപ്പ് (കൺസ്ട്രക്ടർ യൂണിവേഴ്സിറ്റി, ജർമ്മനി), ഡോ. രാധിക നായർസ് ഗ്രൂപ്പ് (സെൻറർ ഫോർ ഹ്യൂമൻ ജനിറ്റിക്സ്, ബെംഗളൂരു) എന്നിവയുമായി സഹകരിച്ചാണ് പഠനം നടത്തിയത്.

കേന്ദ്ര ബയോടെക്നോളജി വകുപ്പ്, സയൻസ് ആൻഡ് ടെക്നോളജി വകുപ്പ്, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ,കൗൺസിൽ ഓഫ് സയൻറിഫിക് ആൻറ് ഇൻഡസ്ട്രിയൽ റിസർച്ച് എന്നിവയിൽ നിന്നുള്ള ധനസഹായവും ഗവേഷണ പഠനത്തിന് ലഭിച്ചു.



**കൃത്രിമ മിറർ ഇമേജ് നാനോപോറുകളുടെ കണ്ടെത്തലിന് പിന്നിൽ പ്രവർത്തിച്ച ബ്രിക്-ആർജിസിബി ഫാക്കൽറ്റി ശാസ്ത്രജ്ഞനായ ഡോ. മഹേന്ദ്രൻ കെ ആർ, പിഎച്ച്ഡി സ്കോളർ നൈല ഫിർസാൻ എന്നിവർ.**

# കരൂർ ദുരന്തം: അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ച് മദ്രാസ് ഹൈക്കോടതി

ചെന്നൈ: കരൂരിൽ ടിവികെ നടത്തിയ പരിപാടിക്കിടെ 41 പേർ മരിച്ച ദുരന്തത്തെ കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ച് മദ്രാസ് ഹൈക്കോടതി. ടിവികെ അധ്യക്ഷൻ വിജയ് യെ രൂക്ഷഭാഷയിൽ വിമർശിച്ച കോടതി കരൂരിലേത് മനുഷ്യനിർമിത ദുരന്തമെന്നും നിരീക്ഷിച്ചു.

കുട്ടികളടക്കം മരിച്ചിട്ടും സ്ഥലം വിട്ടെന്നും അണികളെ ഉപേക്ഷിച്ചയാൾക്ക് നേതൃഗുണം ഇല്ലെന്നും കോടതി രൂക്ഷഭാഷയിൽ വിമർശിച്ചു. എന്തുതരം രാഷ്ട്രീയ പാർട്ടി ആണിതെന്ന് ചോദിച്ച കോടതി ശക്തമായി അപലപിക്കുന്നുവെന്നും നിരീക്ഷിച്ചു.

നേരത്തെ കരൂർ ദുരന്തത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള രണ്ട് ഹർജികൾ മദ്രാസ് ഹൈക്കോടതി തള്ളിയിരുന്നു. ദേശീയ മക്കൾ ശക്തി കക്ഷിയും ബിജെപി അഭിഭാഷകനും നൽകിയ ഹർജികളാണ് ഹൈക്കോടതിയുടെ മധുര ബെഞ്ച് തള്ളിയത്. കരൂർ ദുരന്തം ദേശീയ മക്കൾ ശക്തി കക്ഷിയെ ബാധിച്ചിട്ടില്ലല്ലോയെന്നായിരുന്നു ഹർജി പരിഗണിക്കവെ ഹൈക്കോടതിയുടെ ചോദ്യം. പോലീസിന്റെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ അന്വേഷണം എങ്ങനെ സിബിഐക്ക് വിടാനാകുമെന്ന് ഹൈക്കോടതി ചോദിച്ചു. സിബിഐ അന്വേഷണ ആവശ്യം നിലനിൽക്കില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

പരാതി രാഷ്ട്രീയ താൽപ്പര്യം വെച്ചുള്ളതാണെന്നും, ഹർജിക്കാർക്ക് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും ഹർജി തള്ളിക്കൊണ്ട് ജസ്റ്റീസുമാരായ എം. ദണ്ഡപാണി, എം. ജോതിരാമൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

അതേസമയം, തമിഴ്നാട് സർക്കാർ സിബിഐ അന്വേഷണത്തെ എതിർത്തു. സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ടിവികെ നേതാവ് ആധവ് അർജുന നൽകിയ ഹർജി പരിഗണിച്ചില്ല. ടിവികെ അഭിഭാഷകർ എത്തിയത് മുൻകൂർ ജാമ്യാപേക്ഷയ്ക്ക് വേണ്ടി മാത്രമാണ്.

കൂടാതെ, ധനസഹായം വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ദുരന്തത്തിൽ പരിക്കേറ്റയാൾ നൽകിയ ഹർജിയിൽ രണ്ടാഴ്ചയ്ക്കുള്ളിൽ മറുപടി അറിയിക്കാൻ ഹൈക്കോടതി സംസ്ഥാന സർക്കാരിന് നോട്ടീസ് അയച്ചു.

ടിവികെ പാർട്ടിക്കെതിരേ രൂക്ഷവിമർശനമാണ് കോടതി ഉന്നയിച്ചത്. ആൾക്കൂട്ടത്തെ നിയന്ത്രിക്കാതിരുന്നത് എന്തുകൊണ്ടാണ് . അച്ചടക്കമില്ലാത്തവരെ നിയന്ത്രിക്കേണ്ടേ . പ്രവർത്തകർക്ക് വെള്ളവും ശുചിമുറികളും, പാർക്കിംഗ് സൗകര്യങ്ങളും ഒരുക്കേണ്ടത് പാർട്ടികളാണെന്നും കോടതി അഭിപ്രായപ്പെട്ടു.

തമിഴ്നാട് സർക്കാരിനെയും വിമർശിച്ച കോടതി ഏതു പാർട്ടിക്കാരാണെങ്കിലും പൗരന്മാരുടെ ജീവൻ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് ഓർമിപ്പിച്ചു. ആൾക്കൂട്ടത്തെ നിയന്ത്രിക്കാൻ നടപടി ഉണ്ടായിരുന്നോ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയെന്ന് ഉറപ്പാക്കിയിരുന്നോ എന്നും കോടതി ചോദിച്ചു.

കരൂർ റാലിക്ക് എന്തടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് കോടതി ചോദിച്ചു. റാലിക്ക് അനുമതി നൽകിയത് സംസ്ഥാന ഹൈവേ വകുപ്പാണോ അതോ നാഷണൽ ഹൈവേ അതോറിറ്റിയാണോയെന്നും കോടതി ആരാഞ്ഞു.

# കരൂർ ദുരന്തം: സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികൾ തള്ളി, ടിവികെയ്ക്കും സർക്കാരിനും ഹൈക്കോടതിയുടെ രൂക്ഷ വിമർശനം

ചെന്നൈ: കരൂർ ദുരന്തത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള രണ്ട് ഹർജികൾ മദ്രാസ് ഹൈക്കോടതി തള്ളി. ദേശീയ മക്കൾ ശക്തി കക്ഷിയും ബിജെപി അഭിഭാഷകനും നൽകിയ ഹർജികളാണ് ഹൈക്കോടതിയുടെ മധുര ബെഞ്ച് തള്ളിയത്.

കരൂർ ദുരന്തം ദേശീയ മക്കൾ ശക്തി കക്ഷിയെ ബാധിച്ചിട്ടില്ലല്ലോയെന്നായിരുന്നു ഹർജി പരിഗണിക്കവെ ഹൈക്കോടതിയുടെ ചോദ്യം. പോലീസിന്റെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ അന്വേഷണം എങ്ങനെ സിബിഐക്ക് വിടാനാകുമെന്ന് ഹൈക്കോടതി ചോദിച്ചു. സിബിഐ അന്വേഷണ ആവശ്യം നിലനിൽക്കില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

പരാതി രാഷ്ട്രീയ താൽപ്പര്യം വെച്ചുള്ളതാണെന്നും, ഹർജിക്കാർക്ക് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും ഹർജി തള്ളിക്കൊണ്ട് ജസ്റ്റീസുമാരായ എം. ദണ്ഡപാണി, എം. ജോതിരാമൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

അതേസമയം, തമിഴ്നാട് സർക്കാർ സിബിഐ അന്വേഷണത്തെ എതിർത്തു. സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ടിവികെ നേതാവ് ആധവ് അർജുന നൽകിയ ഹർജി പരിഗണിച്ചില്ല. ടിവികെ അഭിഭാഷകർ എത്തിയത് മുൻകൂർ ജാമ്യാപേക്ഷയ്ക്ക് വേണ്ടി മാത്രമാണ്. കൂടാതെ, ധനസഹായം വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ദുരന്തത്തിൽ പരിക്കേറ്റയാൾ നൽകിയ ഹർജിയിൽ രണ്ടാഴ്ചയ്ക്കുള്ളിൽ മറുപടി അറിയിക്കാൻ ഹൈക്കോടതി സംസ്ഥാന സർക്കാരിന് നോട്ടീസ് അയച്ചു. ടിവികെ പാർട്ടിക്കെതിരേ രൂക്ഷവിമർശനമാണ് കോടതി ഉന്നയിച്ചത്. ആൾക്കൂട്ടത്തെ നിയന്ത്രിക്കാതിരുന്നത് എന്തുകൊണ്ടാണ് . അച്ചടക്കമില്ലാത്തവരെ നിയന്ത്രിക്കേണ്ടേ . പ്രവർത്തകർക്ക് വെള്ളവും ശുചിമുറികളും, പാർക്കിംഗ് സൗകര്യങ്ങളും ഒരുക്കേണ്ടത് പാർട്ടികളാണെന്നും കോടതി അഭിപ്രായപ്പെട്ടു.

തമിഴ്നാട് സർക്കാരിനെയും വിമർശിച്ച കോടതി ഏതു പാർട്ടിക്കാരാണെങ്കിലും പൗരന്മാരുടെ ജീവൻ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് ഓർമിപ്പിച്ചു. ആൾക്കൂട്ടത്തെ നിയന്ത്രിക്കാൻ നടപടി ഉണ്ടായിരുന്നോ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയെന്ന് ഉറപ്പാക്കിയിരുന്നോ എന്നും കോടതി ചോദിച്ചു. കരൂർ റാലിക്ക് എന്തടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് കോടതി ചോദിച്ചു. റാലിക്ക് അനുമതി നൽകിയത് സംസ്ഥാന ഹൈവേ വകുപ്പാണോ അതോ നാഷണൽ ഹൈവേ അതോറിറ്റിയാണോയെന്നും കോടതി ആരാഞ്ഞു.

തമിഴ്നാട്ടിൽ പാതയോരങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ പൊതുയോഗങ്ങളോ റാലികളോ നടത്തുന്നതിന്, പൊതു മാർഗനിർദേശം രൂപീകരിക്കുന്നതുവരെ, ഒരു രാഷ്ട്രീയ പാർട്ടിക്കും അത്തരം പരിപാടികൾ നടത്താൻ അനുമതി നൽകില്ലെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. സർക്കാരിന്റെ നിർദേശം കോടതി രേഖപ്പെടുത്തിക്കൊണ്ട് തീർപ്പാക്കി.

# മയക്കുമരുന്ന് കടത്ത്; എൻഎസ്ജി മുൻ കമാൻഡോ അറസ്റ്റിൽ

പാറ്റ്ന: മയക്കുമരുന്ന് കള്ളക്കടത്ത് കേസിൽ എൻഎസ്ജി മുൻ കമാൻഡോ പിടിയിൽ. ബജ്റംഗ് സിംഗ് എന്നയാളാണ് രാജസ്ഥാനിൽ അറസ്റ്റിലായത്. സിക്കാർ നിവാസിയായ ഇയാൾ മുംബൈയിലെ 26/11 ഭീകരവിരുദ്ധ ഓപ്പറേഷനിൽ പങ്കെടുത്തിട്ടുണ്ട്. കഞ്ചാവ് കള്ളക്കടത്ത് റാക്കറ്റിന്റെ മുഖ്യസൂത്രധാരനായിരുന്ന ബജ്റംഗ് സിംഗിനെ ബുധനാഴ്ച രാത്രി ചുരുവിൽ നിന്നാണ് പിടികൂടിയത്. തെലങ്കാനയിൽ നിന്നും ഒഡീഷയിൽ നിന്നും രാജസ്ഥാനിലേക്ക് കഞ്ചാവ് കടത്തുന്നതിൽ സിംഗ് മുഖ്യ പങ്കാളിയായിരുന്നുവെന്ന് ഐജി വികാസ് കുമാർ പറഞ്ഞു. കസ്റ്റഡിയിലെടുത്ത സമയം ഇയാളിൽ നിന്നും 200 കിലോഗ്രാം കഞ്ചാവ് കണ്ടെത്തിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇയാളെ കുറിച്ച് വിവരം നൽകുന്നവർക്ക് പോലീസ് 25,000 രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ ഭീകരവിരുദ്ധ സ്ക്വാഡും (എടിഎസ്) മയക്കുമരുന്ന് വിരുദ്ധ ടാസ്ക് ഫോഴ്സും (എഎൻടിഎഫ്) നടത്തിയ 'ഓപ്പറേഷൻ ഗഞ്ജനി'യുടെ ഭാഗമായി രണ്ട് മാസത്തെ നിരീക്ഷണത്തിനൊടുവിലാണ് സിംഗിനെ അറസ്റ്റ് ചെയ്തതെന്ന് പോലീസ് പറഞ്ഞു.

പത്താം ക്ലാസിനു ശേഷം ബജ്റംഗ് സിംഗ് പഠനം ഉപേക്ഷിച്ചിരുന്നു. എന്നാൽ ആറടി ഉയരവും ഉറച്ച ശരീരഘടനയുമുള്ള ബജ്റംഗ് സിംഗിനെ ബിഎസ്എഫിലെടുത്തു. പഞ്ചാബ്, ആസാം, രാജസ്ഥാൻ, ഒഡീഷ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടർന്നാണ് അദ്ദേഹത്തെ എൻഎസ്ജിയിലേക്ക് തെരഞ്ഞെടുത്തത്. ഏഴ് വർഷം അദ്ദേഹം എൻഎസ്ജി കമാൻഡോ ആയി സേവനമനുഷ്ഠിച്ചു. ഇക്കാലയളവിൽ 26/11 ഭീകരവിരുദ്ധ പ്രവർത്തനത്തിലും അദ്ദേഹം പങ്കെടുത്തു.

## വ്യാവസായിക ട്രൈബ്യൂണൽ സിറ്റിംഗ്

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലും ഇൻഷുറൻസ് കോടതി ജഡ്ജിയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യൻ ഒക്ടോബർ 6, 7, 13, 14, 21, 27, 28 തീയതികളിൽ പാലക്കാട് റവന്യു ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും (ആർഡിഒ കോടതി) 3, 9, 31 തീയതികളിൽ പെരിന്തൽമണ്ണ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 17, 24 തീയതികളിൽ മഞ്ചേരി മാധവൻനായർ സ്മാരക കേന്ദ്രം, പഴയ മുൻസിപ്പൽ ഓഫീസ് ഹാളിലും തൊഴിൽ തർക്ക കേസുകളും ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ ചെയ്യും.

## ദർഘാസ്/ ലേല പരസ്യം

തിരുവനന്തപുരം പബ്ലിക് ഓഫീസിലെ സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ KL.06.E.7576 നമ്പർ ടൊയോട്ട ഇന്നൊവ കാർ ലേലം ചെയ്യുന്നു.

ലേല ശേഷം ഈ വാഹനം 5 വർഷത്തേക്ക് തിരികെ ഈ കാര്യാലയത്തിലേക്ക് വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ചു.

ഒക്ടോബർ 13 വൈകിട്ട് 4 മണിക്ക് മുമ്പായി ദർഘാസ് സമർപ്പിക്കണം. 14 ന് രാവിലെ 11.15 ന് ഈ ഓഫീസിൽ വച്ചാണ് ലേലം. ദർഘാസ്/ ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ഒക്ടോബർ 10 വൈകിട്ട് നാല് മണി വരെ സെക്രട്ടറിയുടെ അനുമതിയോടെ വാഹനം പരിശോധിക്കാം. വിശദവിവരങ്ങൾക്ക്: 0471-2322841/ 7012998465.

# വിരലുകൾ വെട്ടി, കൈത്തണ്ട മുറിച്ചു; മഹാരാഷ്ട്രയിൽ യുവാവിനെ മക്കളുടെ മുന്നിൽ വച്ച് ക്രൂരമായി കൊന്നു

മുംബൈ: മഹാരാഷ്ട്രയിൽ ബിസിനസ് തർക്കത്തെ തുടർന്ന് മക്കളുടെ മുന്നിൽവച്ച് പിതാവിനെ ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തി. ബുധനാഴ്ച ഛത്രപതി സംഭാജിനഗർ നഗരത്തിലെ റെയിൽവേ സ്റ്റേഷന് സമീപമാണ് സംഭവം. സയ്യിദ് ഇമ്രാൻ ഷഫീഖ് എന്നയാളാണ് കൊല്ലപ്പെട്ടത്. മൂന്നും പതിമൂന്നും വയസുള്ള മക്കൾപ്പൊക്കം പുറത്ത് പോയപ്പോഴാണ് സയ്യിദിനെ ഒരു സംഘമാളുകൾ പിന്തുടർന്ന് ആക്രമിച്ചത്. അക്രമികൾ സയ്യിദിന്റെ വിരലുകൾ വെട്ടിമാറ്റുകയും കൈത്തണ്ട മുറിച്ചശേഷം കുത്തിക്കൊലപ്പെടുത്തുകയുമായിരുന്നു. മക്കൾക്കൊപ്പം ഓട്ടോയിൽ പോകുന്നതിനിടെ കാറിലെത്തിയ ഒരു സംഘമാളുകൾ സയ്യിദിനെയും കുട്ടികളെയും വാഹനത്തിൽ നിന്നും പുറത്തേക്ക് വലിച്ചിഴച്ചു. കുട്ടികളുടെ മുന്നിൽ വച്ച് പ്രതികൾ സയ്യിദിനെ ആയുധങ്ങൾക്കൊണ്ട് ആക്രമിച്ചു. അക്രമികൾ ഷഫീഖിന്റെ വിരലുകൾ വെട്ടിമാറ്റി. വലതു കൈത്തണ്ട മുറിച്ചെടുത്തു. തലയിലും കഴുത്തിലും പലതവണ അടിച്ചു. പിന്നീട് നിരവധി പ്രാവശ്യം കുത്തിയതിന് ശേഷം ഇയാളെ ഉപേക്ഷിച്ചുമടങ്ങുകയായിരുന്നു. ഗ്യാസ് ബിസിനസുമായി ബന്ധപ്പെട്ട വൈരാഗ്യമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് പോലീസ് സംശയിക്കുന്നു. സംഭവത്തിൽ മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തു. മുഖ്യപ്രതിയായ മുജീബ് ഡോണിനെതിരെ നിരവധി കേസുകൾ നിലവിലുണ്ടെന്ന് പോലീസ് പറഞ്ഞു. അറസ്റ്റിലായ മറ്റ് രണ്ട് പേർ മുജീബിന്റെ സഹോദരൻ സദ്ദാം ഹുസൈൻ മൊയ്നുദ്ദീൻ, സഹോദരീഭർത്താവ് ഷെയ്ഖ് ഇർഫാൻ ഷെയ്ഖ് സുലൈമാൻ എന്നിവരാണെന്നും പോലീസ് അറിയിച്ചു.

# ഇന്ത്യയ്ക്കും ചൈനയ്ക്കും മേലുള്ള സമ്മർദ ശ്രമങ്ങൾ യുഎസിനു തിരിച്ചടിയാകും: പുടിൻ

മോസ്കോ: ഇന്ത്യയ്ക്കും ചൈനയ്ക്കും മേലുള്ള യുഎസ് സമ്മർദ ശ്രമങ്ങൾ യുഎസിനുതന്നെ തിരിച്ചടിയാകുമെന്ന് റഷ്യൻ പ്രസിഡൻറ് വ്ളോഡിമിർ പുടിന്റെ മുന്നറിയിപ്പ്. ഇത്തരം ശ്രമങ്ങൾ സാമ്പത്തികമായി തിരിച്ചടിക്കുമെന്നാണ് അമേരിക്കയെ പുട്ടിൻ ഓർമിപ്പിച്ചത്. റഷ്യയുടെ വ്യാപാര പങ്കാളികൾക്ക് ഉയർന്ന താരിഫ് ഏർപ്പെടുത്തിയാൽ അത് രാജ്യാന്തര തലത്തിൽ വില വർധനയ്ക്ക് കാരണമാവും. ഒപ്പം പലിശ നിരക്ക് ഉയർന്ന നിലയിൽ നിർത്താൻ യുഎസ് ഫെഡറൽ റിസർവ് നിർബന്ധിതരാവും. റഷ്യയിൽ ഒരു പരിപാടിയിൽ പങ്കെടുക്കവേയാണ് പുട്ടിൻ തങ്ങളുടെ സൗഹൃദ രാജ്യങ്ങളെ ലക്ഷ്യമിട്ടുള്ള യുഎസ് താരിഫ് ഭീഷണിക്ക് മറുപടി നൽകിയത്. റഷ്യൻ എണ്ണ ഉപേക്ഷിക്കണമെന്ന യുഎസ് ആവശ്യത്തെ ഇന്ത്യയും ചൈനയും സ്വയം അപമാനിക്കാൻ അനുവദിക്കില്ലെന്നാണ് പുട്ടിൻ വിശേഷിപ്പിച്ചത്. ഇന്ത്യ പോലുള്ള ഒരു രാജ്യത്തെ ജനങ്ങൾ രാഷ്ട്രീയ നേതൃത്വത്തിന്റെ തീരുമാനങ്ങൾ നിരീക്ഷിക്കും, പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരിക്കലും അത്തരം നടപടികൾ സ്വീകരിക്കില്ലെന്നും പുട്ടിൻ പറഞ്ഞു.

അതേസമയം റഷ്യയുമായുള്ള യുഎസിന്റെ യുറേനിയം ബന്ധത്തെക്കുറിച്ചും പുട്ടിൻ തുറന്നടിച്ചു. മുന്പ് ഇന്ത്യയും സമാനമായ ആരോപണം ഉന്നയിച്ചിരുന്നു. എന്നാൽ അന്ന് അതേക്കുറിച്ച് പ്രതികരിക്കാൻ ട്രംപ് തയാറായിരുന്നില്ല.

## സീറ്റൊഴിവ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) അയാട്ടയുടെ സർട്ടിഫിക്കറ്റ് കോഴ്സായ പാസഞ്ചർ ഗ്രൗണ്ട് സർവീസിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.kittsedu.org , 0471-2329468, 8129166616.

## ടെണ്ടർ ക്ഷണിച്ചു

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ സ്പാർക്ക് പിഎംയുവിലേയ്ക് വേണ്ടി "മൈക്രോസോഫ്റ്റ് വിൻഡോസ് സെർവർ 2022 സ്റ്റാൻഡേർഡ്" വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ഒക്ടോബർ 15 നകം ടെണ്ടറുകൾ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക്: www.info.spark.gov.in, www.finance.kerala.gov.in .

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




# പുതിയ കളിക്കാരും, പുതുപുത്തൻ തന്ത്രങ്ങളുമായി തിരുവനന്തപുരം കൊമ്പൻസ്

- കേരളത്തിന്റെ ഫുട്ബോൾ അഭിനിവേശം അൽഭുതപ്പെടുത്തിയെന്ന് അയർലാന്റ്കാരനായ മുഖ്യപരിശീലകൻ ജെയിംസ് മക്ലൂൺ
- രണ്ടാം സീസണിലേക്കുള്ള ടീം ജഴ്സി മുൻഡിജിപി ജേക്കബ് പുന്നൂസ് പ്രകാശനം ചെയ്തു

തിരുവനന്തപുരം: തലസ്ഥാന ജില്ലയുടെ ഫുട്ബോൾ ആവേശത്തിന് പുത്തൻ ചിറകുകൾ നൽകി തിരുവനന്തപുരം കൊമ്പൻസ് എഫ്.സി. രണ്ടാം സീസണിനൊരുങ്ങി. പുതിയ കോച്ചിന്റെ കീഴിൽ അണിനിരക്കുന്ന ടീമിനെയും പുതിയ ജേഴ്സിയും ഒക്ടോബർ 3ന് വെള്ളയമ്പലം ഹോംബ്രിഡ്ജിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ബഹുമാനപ്പെട്ട മുൻ ഡിജിപി ജേക്കബ് പുന്നൂസ് കായികപ്രേമികൾക്ക് പരിചയപ്പെടുത്തി.

കളിക്കാർക്കൊപ്പം മുഖ്യപരിശീലകൻ ജെയിംസ് മക്ലൂൺ, സഹപരിശീലകൻ കാലി അലാവുദ്ദീൻ, ടീം ക്യാപ്റ്റൻ പാട്രിക്ക് സിൽവ മൊട്ട, ഗോൾകീപ്പർ പരിശീലകൻ ബാലാജി നരസിംഹൻ, സ്ട്രെങ്ത് ആൻഡ് കണ്ടീഷനിംഗ് കോച്ച് ഫിന്റൻ ലെയ്ൻ,കൊമ്പൻസ് എഫ്സി സിഇഒ എൻ എസ് അഭയകുമാർ, എഫ്സി സ്പോൺസർമാർ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

കേരളത്തിന്റെ ഫുട്ബോൾ ആവേശം തന്നെ അത്ഭുതപ്പെടുത്തിയെന്ന് മുഖ്യപരിശീലകൻ ജെയിംസ് മക്ലൂൺ പറഞ്ഞു. കേരളത്തിലെ കളിക്കാർ ദേശീയതലത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നതിന് കാരണം ഈ ആവേശമാണെന്നും അദ്ദേഹം കൂട്ടി ചേർത്തു. രണ്ടാം സീസണിൽ പുതിയ തന്ത്രങ്ങളും കോമ്പിനേഷൻസുമാകും പരീക്ഷിക്കുകയെന്നും അദ്ദേഹം പറഞ്ഞു. യുവനിരയുടെയും പരിചയസമ്പന്നരായ കളിക്കാരുടെയും മികച്ച ഒത്തുചേരലാണ് ഇത്തവണത്തെ ടീമിന്റെ കരുത്തെന്ന് ടീം മാനേജ്മെന്റ് അറിയിച്ചു. ഇന്ത്യയ്ക്ക് വേണ്ടി അണ്ടർ 23 ടീമിലും , ഇന്ത്യൻ സൂപ്പർ ലീഗിലും, ഐ ലീഗിലും തിളങ്ങിയ മലയാളികളും മറുനാടൻ താരങ്ങളും ഇത്തവണ കൊമ്പൻ നിരയ്ക്ക് കരുത്തായുണ്ട്.

ടീം ക്യാപ്റ്റനും കളിക്കാരും സപ്പോർട്ടിങ് സ്റ്റാഫും മാനേജ്മെന്റ് പ്രതിനിധികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ചാക്ക പീഡനക്കേസ്; പ്രതിക്ക് 67 വർഷം തടവുശിക്ഷ

തിരുവനന്തപുരം: ചാക്ക പീഡനക്കേസിൽ പ്രതിക്ക് 67 വർഷം തടവുശിക്ഷ വിധിച്ച് കോടതി. തിരുവനന്തപുരം പോക്സോ കോടതിയാണ് ശിക്ഷ വിധിച്ചത്. രണ്ടു വയസുള്ള നാടോടി പെൺകുട്ടിയെ, പ്രതി തിരുവനന്തപുരം ഇടവ സ്വദേശി ഹസൻകുട്ടി തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കുകയായിരുന്നു. 2024 ഫെബ്രുവരി 18നാണ് കേസിനാസ്പദമായ സംഭവം നടക്കുന്നത്. 11കാരിയെ ഉപദ്രവിച്ചതുമായി ബന്ധപ്പെട്ട പോക്സോ കേസിൽ ജാമ്യം കിട്ടി ജനുവരി 22 ന് പുറത്തിറങ്ങിയ പ്രതി, തിരുവനന്തപുരം ചാക്ക റെയിൽവേ പാളത്തിന് സമീപം പുറമ്പോക്ക് ഭൂമിയിൽ മാതാപിതാക്കൾക്കൊപ്പം കിടന്നുറങ്ങികയായിരുന്ന ഹൈദരാബാദ് സ്വദേശിയായ രണ്ടു വയസുള്ള പെൺകുട്ടിയെയാണ് തട്ടിക്കൊണ്ടുപോയി ലൈംഗീകമായി പീഡിപ്പിച്ചത്. പീഡിപ്പിച്ച ശേഷം റെയിൽവേ ട്രാക്കിന് സമീപത്തെ പൊന്തകാട്ടിൽ ഉപേക്ഷിച്ചു. പിന്നാലെ രാത്രിയിൽ അബോധാവസ്ഥയിൽ കുട്ടിയെ കണ്ടെത്തുകയായിരുന്നു. കുട്ടിയെ ഉപേക്ഷിച്ച ശേഷം ഹസൻകുട്ടി ആദ്യം ആലുവയിലും പിന്നാലെ പളനിയിലും പോയി രൂപ മാറ്റം വരുത്തി. പിന്നീട് കൊല്ലത്തു നിന്നുമാണ് പ്രതി പിടിയിലായത്. പ്രതി കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയിരുന്നു.

## സ്വർണപ്പാളി വിവാദം: ഹൈക്കോടതിയിൽ സമഗ്ര അന്വേഷണം ആവശ്യപ്പെടുമെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ്

തിരുവനന്തപുരം: ശബരിമല സ്വർണ്ണപ്പാളി വിവാദത്തിൽ സമഗ്ര അന്വേഷണം വേണമെന്നും ഹൈക്കോടതിയിൽ സമഗ്ര അന്വേഷണം ആവശ്യപ്പെടുമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി. എസ്. പ്രശാന്ത്. 1999 മുതലുള്ള കാര്യങ്ങൾ അന്വേഷിക്കണം. ഉണ്ണിക്കൃഷ്ണൻ സ്വയം കുഴിച്ച കുഴിയിൽ വീണെന്നും തട്ടിപ്പിന്റെ കുടുതൽ വിവരങ്ങൾ പുറത്തുവന്നെന്നും അദ്ദേഹം പറഞ്ഞു.

മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായാണ് അദ്ദേഹം ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. ശബരിമലയിൽ നിന്നും സ്വർണം പൂശാൻ ഏൽപ്പിച്ച സ്വർണപ്പാളികൾ ഉണ്ണിക്കൃഷ്ണൻ പോറ്റി കൈവശം വച്ച് പല സ്ഥലങ്ങളിലും പ്രദർശിപ്പിച്ച് പണം സമ്പാദിച്ചെന്നാണ് ദേവസ്വം വിജിലൻസിന് ലഭിച്ചിരിക്കുന്ന വിവരം. ഇതിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യാൻ ഹാജരാകണമെന്ന് വിജിലൻസ് സംഘം ഉണ്ണിക്കൃഷ്ണന് നോട്ടീസ് നൽകിയിരിക്കുകയാണ്.

# പൂജാ ബംപർ ടിക്കറ്റ് പ്രകാശനവും തിരുവോണം ബംപർ നറുക്കെടുപ്പും ശനിയാഴ്ച

തിരുവനന്തപുരം: കേരള ഭാഗ്യക്കുറി വകുപ്പിന്റെ മാറ്റിവച്ച തിരുവോണം ബംപർ ഭാഗ്യക്കുറി നറുക്കെടുപ്പും, പൂജാ ബംപർ ഭാഗ്യക്കുറി ടിക്കറ്റിന്റെ പ്രകാശനവും ശനിയാഴ്ച നടക്കും.

തിരുവനന്തപുരം ഗോർഖി ഭവനിലെ നറുക്കെടുപ്പ് വേദിയിൽ ഉച്ചയ്ക്ക് ഒന്നിനു നടക്കുന്ന പ്രത്യേക ചടങ്ങിൽ ധനമന്ത്രി കെ. എൻ. ബാലഗോപാൽ പൂജാ ബംപർ ടിക്കറ്റിന്റെ പ്രകാശനവും ശേഷം തിരുവോണം ബംപർ നറുക്കെടുപ്പും നിർവഹിക്കും. എം എൽഎമാരായ ആൻറണി രാജു, വി. കെ. പ്രശാന്ത്, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ ഡോ. മിഥുൻ പ്രേംരാജ് എന്നിവർ സന്നിഹിതനായിരിക്കും. കഴിഞ്ഞ 27ന് നടത്താൻ നിശ്ചയിച്ചിരുന്ന തിരുവോണം ബംപർ നറുക്കെടുപ്പ് അപ്രതീക്ഷിതമായുണ്ടായ കനത്ത മഴയിലും ജിഎസ്ടി മാറ്റവുമായി ബന്ധപ്പെട്ടും, ഏജൻറുമാരുടെയും വില്പനക്കാരുടെയും അഭ്യർഥന പരിഗണിച്ച് ഈ മാസം നാലിലേക്ക് മാറ്റിവയ്ക്കുകയായിരുന്നു.

തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ 75 ലക്ഷം ടിക്കറ്റുകളാണ് ഈ വർഷം അച്ചടിച്ച് വിറ്റഴിച്ചത്. പാലക്കാടാണ് ഏറ്റവും കൂടുതൽ വില്പന നടന്നത്. 14,07,100 ടിക്കറ്റുകളാണ് ഇവിടെ വിറ്റത്. രണ്ടാം സ്ഥാനത്തുള്ള തൃശൂർ ജില്ലയിൽ 9,37,400 ടിക്കറ്റുകളും മൂന്നാം സ്ഥാനത്തുള്ള തിരുവനന്തപുരത്ത് 8,75,900 ടിക്കറ്റുകളും ഏജൻസികൾ വഴി വിറ്റു. ഒന്നാം സമ്മാനമായി 25 കോടി രൂപയാണ് ഓണം ബംപർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിലൂടെ ലഭിക്കുന്നത്. രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം 20 പേർക്കും മൂന്നാം സമ്മാനമായി 50 ലക്ഷം വീതം 20 പേർക്കും നാലാം സമ്മാനമായി അഞ്ചുലക്ഷം വീതം 10 പരമ്പരകൾക്കും അഞ്ചാം സമ്മാനമായി രണ്ടു ലക്ഷം വീതം 10 പരമ്പരകൾക്കും നൽകുന്നു എന്നതാണ് തിരുവോണം ബംപർ ഭാഗ്യക്കുറിയുടെ മറ്റൊരു സവിശേഷത. കൂടാതെ 5,000 മുതൽ 500 രൂപ വരെ സമ്മാനമായി നൽകുന്നു.

മുന്നൂറു രൂപ വിലയുള്ള പൂജാ ബംപർ ടിക്കറ്റിന്റെ വില്പനയും ഇതോടൊപ്പം ആരംഭിക്കും. പൂജാ ബംപർ ഭാഗ്യക്കുറിക്ക് അഞ്ച് പരമ്പരകളാണുള്ളത്. ഒന്നാം സമ്മാനമായി 12 കോടി രൂപയാണ് പൂജാ ബംപർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിലൂടെ ലഭിക്കുന്നത്.

രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം ഓരോ പരമ്പരയ്ക്കും മൂന്നാം സമ്മാനമായി 5 ലക്ഷം വീതം 10 പേർക്ക് (ഓരോ പരമ്പരയിലും രണ്ട് വീതം). നാലാം സമ്മാനമായി മൂന്നു ലക്ഷം വീതം അഞ്ചു പരമ്പരകൾക്കും അഞ്ചാം സമ്മാനമായി രണ്ടു ലക്ഷം വീതം അഞ്ചു പരമ്പരകൾക്കും നൽകുന്നു എന്നതാണ് പൂജാ ബമ്പർ ഭാഗ്യക്കുറിയുടെ മറ്റൊരു സവിശേഷത. കൂടാതെ 5000, 1000, 500, 300 വീതം രൂപയുടെ നിരവധി സമ്മാനങ്ങളും നൽകുന്നുണ്ട്.

## അജിതയുടെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും; ആറ് അവയവങ്ങൾ ദാനം ചെയ്തു

മസ്തിഷ്ക മരണത്തെ തുടർന്ന് അവയവങ്ങൾ ദാനം ചെയ്ത കോഴിക്കോട് സ്വദേശിനി കെ. അജിതയുടെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും. കോഴിക്കോട് മെട്രോ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന കോഴിക്കോട് സ്വദേശിനിയായ 44 വയസുകാരിയിലാണ് ഹൃദയം മിടിക്കുക. തീവ്രദു:ഖത്തിലും അവയവദാനത്തിന് സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. അജിതയ്ക്ക് മന്ത്രി ആദരാഞ്ജലികൾ അർപ്പിക്കുകയും കുടുംബത്തിന്റെ വേദനയിൽ പങ്കുചേരുകയും ചെയ്തു.

കോഴിക്കോട്, ചാലപ്പുറം, വെള്ളിയഞ്ചേരി, പള്ളിയത്ത് വീട്ടിൽ കെ.അജിത (46)യുടെ ഹൃദയം ഉൾപ്പെടെ ആറ് അവയവങ്ങളാണ് ദാനം ചെയ്തത്. ഹൃദയം, കരൾ, 2 വൃക്ക, 2 നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്കയും രണ്ട് നേത്രപടലവും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലേക്കും ഒരു വൃക്കയും കരളും കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലേക്കുമാണ് നൽകിയത്.

ഹൃദയസ്തംഭനത്തെ തുടർന്ന് 2025 സെപ്റ്റംബർ 28ന് അജിതയെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. എന്നാൽ ഒക്ടോബർ രണ്ടിന് മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയായിരുന്നു. തുടർന്ന്, അജിതയുടെ ബന്ധുക്കൾ അവയവദാനത്തിന് സമ്മതം നൽകി. കെ-സോട്ടോയുടെ നേതൃത്വത്തിലാണ് അവയവദാന നടപടിക്രമങ്ങളും ഏകോപനവും പൂർത്തിയായത്. പി. രവീന്ദ്രനാണ് അജിതയുടെ ഭർത്താവ്.

പി.സാരംഗി (ഠണടക കോഴിക്കോട്), പി. ശരത് എന്നിവരാണ് മക്കൾ. മരുമകൻ മിഥുൻ (ഇന്ത്യൻ ആർമി).

## പട്ടികജാതി പട്ടികഗോത്ര കമ്മീഷൻ അദാലത്ത്

സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷനിൽ നിലവിലുള്ള പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ സെപ്റ്റംബർ 23, 24, 25 തീയതികളിൽ നടത്തിയ അദാലത്തുകളുടെ തുടർച്ചയായി ഒക്ടോബർ 7, 8, 9 തീയതികളിൽ രാവിലെ 10.30 മുതൽ തൈക്കാട് പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ അദാലത്ത് നടക്കും.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ

വ്യാവസായിക പരിശീലന വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി സെല്ലിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ (2 ഒഴിവുകൾ) കരാർ നിയമനത്തിന് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: http://det.kerala.gov.in/wp-content/uploads/2023/01/DEO-Notification.pdf.

## അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2025-ലെ ഫാർമസി കോഴ്സിലേയ്ക്കുള്ള സ്ട്രേ വേക്കൻസി കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഒക്ടോബർ 7 വൈകുന്നേരം 4 മണിക്ക് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടണം. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്.

